**ഏവരുടെയും ചെറുപ്പ കാലജീവിതത്തിലേക്ക് ചിന്തിപ്പിക്കുന്നതാണ് നമ്മുടെ സുഹൃത്ത് ഉണ്ണീൻ കുട്ടി ഇസ്ലാം കേരള സന്ദർശകരുമായി പങ്ക് വെക്കാൻ അയച്ചുതന്ന അവരുടെ ചെറുപ്പ കാല അനുഭവങ്ങൾ. സ്വന്തം മാതാവ് ദീനീ വിഷ യത്തിൽ കൃത്യനിഷ്ഠതയോടെയും ധാർമ്മിക മൂല്യത്തിന് പ്രധാനം നൽകിയും മക്കളെ വളർത്തിയാൽ അത് അവരുടെ ജീവിത കാലം മുഴുവൻ സ്മരിക്കുകയും, ആ മാതാപിതക്കൾക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്യുമെന്നുള്ളതിനുള്ള പാഠമാണ് നാം ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. അല്ലാഹുനമ്മെ അവന്റെ കൽപ്പന അനുസരിച്ച് ജീവിച്ചു മാതാപിതാക്കളുടെ പൊരുത്തം നേടുന്ന സ്വാലിഹായ സന്താനങ്ങളിൽ ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ.**

السلام عليكم و رحمة الله

സർവ്വശക്തനായ നാഥൻെറ നാമത്തിൽ തുടങ്ങുന്നു സർവ്വസ്തുതിയും നാഥൻ സമർപ്പിക്കുന്നു. എനിക്ക്ഇവിടെഎഴുതാൻ അവസരംതന്ന ഇസ്ലാംകേരള ക്കും പ്രത്യാകിച്ച് അബ്ദുള്ള ഇക്കക്കും നന്ദി പറയുന്നു. ഞാൻ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ മൂർക്കാനാട് എന്ന പ്രദേശത്താണ് എൻെറ വീട്. ഞാൻ ഇസ്ലാംകേരളയുമായി പങ്കുവെക്കുന്നത് എൻെറ സ്വഭാവ രൂപീകരണത്തെ കുറിച്ചാണ്. ഞാൻഇപ്പോൾ ദുബായിൽ ഒരു കൺസ്ട്രക്ഷൻകമ്പനിയിൽജോലി ചെയ്യുകയാണ്. എന്നെ ഇന്ന് ഈനിലക്ക് എത്തിക്കുന്നതിൽ മുഖ്യമായപങ്ക് എൻെറ ഉമ്മക്കാണ് ചെറുപ്പം മുതൽക്ക് തന്നെ ഇസ്ലാമിക ശിക്ഷണത്തിലായിരുന്നു എൻെറ മാതാവ് വളർത്തി യിരുന്നത്.എൻെറ പിതാവ് എനിക്ക് ഓർമ്മവെക്കുന്ന കാലത്തിൻ മുമ്പ് തന്നെ വിദേശത്തായിരുന്നു പിതാവിൻെറ അസാനിദ്യമോ പ്രശ്നങ്ങളോ ഒന്നും തന്നെ ഞങ്ങളെ അറിയിച്ചിരുന്നില്ല. പഠിപ്പിക്കുന്ന കാര്യത്തിലും ഉമ്മ മുമ്പിലായിരുന്നു.

എൻെറ ആദ്യത്തെജുമുഅ ഒരുവെള്ളിയാഴ്ച എന്നെ രാവിലെ കുളിപ്പിച്ച് പുതിയവസ്ത്രം ഒക്കെധരിപ്പിച്ച് ഞാൻ സിറൗട്ടിലും ഉമ്മമുറ്റത്തും നിന്നും ആരെങ്കിലും കൂടെ എന്നെ പള്ളിയിലേക്ക് പറഞ്ഞയക്കാൻ അങ്ങിനെ നി ൽക്കുമ്പോഴാണ് ഞങ്ങളുടെ അയൽവാസിയായ കുഞ്ഞാലികാക്ക വരുന്നത് ഉമ്മ കുഞ്ഞാലികാകാനോട് ചോദിച്ചു ഇവനെ ഒന്ന് പള്ളിക്കക്ക് കൊണ്ട് പോകുമോ? അതിനന്താകൊണ്ടുപോകാലോ അങ്ങിനെ ഞാനും കുഞ്ഞാലികാകയുംകൂടി പള്ളിയിലേക്ക് പോയി. ഏകദേശം ഒരു കിലോമീറ്റർ ദൂരം ഉണ്ട് ഞങ്ങളുടെ വീട്ടിൽ നിന്നും ജുമുഅത്ത് പള്ളിയിലേക്ക്. പള്ളീയിലെത്തി അകത്തേക്ക് കയറി ആദ്യം

കാൽ കഴുകുന്ന ഹൗളികരയിലേക്ക് പോയി ഒരുകുട്ടയിൽനിന്ന് ഒരു വലിയ തവി(തള്ള കൈൽ– ചിരട്ടയുടെ പാത്രവും നീണ്ട വടിയുടെ പിടിത്തവും ഉള്ള തവി) എടുത്ത് കാൽ കഴുകി ഞങ്ങൾ ഉളൂഅ് എടുക്കുന്ന വലിയ ഹൗളിൻെറ അടുത്തേക്ക് പോയി എൻെറ ശ്രദ്ധ ഹൗളിലെ പല നിറത്തിലുള്ള് മത്സ്യങ്ങളി ലേക്കാണ് കുഞ്ഞാലികാക ചോദിച്ചു ഉളൂ എടുക്കാൻ അറിയുമോ ഞാൻ തലയാട്ടി അങ്ങിനെ ഉളൂഅ് എടുത്ത് ഞങ്ങൾ അകത്തേ പള്ളിയിലേക്ക് പോ യി ഇരുന്നു മുക്രി(മൊല്ലാക്ക) ആദ്യ ത്തെ ബാങ്ക് കൊടുത്തു മുക്രി മഹ്ശറ വിളിക്കുന്നു ഉസ്താതാദ് റൂമിൽനീന്ന് വന്ന് മുക്രിയുടെകയ്യിൽനിന്ന് വാൾ പോല ത്തെ നീണ്ട വടിവാങ്ങി മിമ്പറയിൽ കയറി സലാം പറഞ്ഞു മൊല്ലാക്ക വീണ്ടും ബാങ്ക് കൊടുത്തു അങ്ങിനെ ഖുത്ബയും നിസ്കാരവും,കഴിഞ്ഞ് ഞങ്ങൾ വീട്ടി ലേക്ക് തിരിച്ച്പോയി അങ്ങിനെ എൻെറ ജീവിതത്തിലെ ആദ്യത്തെ ജുമു അ നിസ്കാരം .

ഇശാ മഗ്‌രിബിൻെറ ഇടയിൽ റേഡിയോ പോലോത്ത ഒന്നും ഞങ്ങളു ടെ വീട്ടിൽ ഓൺ ചെയ്യാറില്ല മഗ്‌രിബ് നിസ്കാരം കഴിഞ്ഞാൽ ഞങ്ങൾ എല്ലാവരും പഠിക്കാൻ ഇരിക്കും. ആദ്യമായി ഒരു യാസീൻ ഓതുകയും ശേഷം പഠനങ്ങളിലേക്ക് കടക്കുക ഒള്ളൂ. ഉമ്മ ചോദിക്കും യാസീൻ ഒന്നും ഒതിയിട്ടി ല്ലേ അത് പോലെ തന്നെ ഇശാഅിൻ ശേഷം ഹദ്ദാദ് ചൊല്ലലും പതിവാണ് അള്ളാഹിവിൻെറ അനുഗ്രഹം കൊണ്ട് ഇന്നും ഈ യാസീൻ ഓത്തും ഹദ്ദാദ്ചൊല്ലലും പതിവായി ചെയ്യാറുണ്ട് ഇത് ഉമ്മയുടെനിർദേശമാണ്. ഞങ്ങൾ സുബ്ഹി മഗ്‌രിബ്, ഇ ശാ നിസ്കാരങ്ങൾക്കേ സധാരണ വീട്ടിൽ ഉണ്ടാവുക ബാങ്ക് കൊടുത്താൽ അപ്പോൾതന്നെ ഉമ്മഞങ്ങളെ പള്ളി യിലേക്ക് പറഞ്ഞ യക്കും. നിസ്കരിച്ചോ, ഓതിയോ, അത് ചൊല്ലിയോ ഇത് ചൊല്ലീയോ എന്ന് ചോദിക്കുമ്പോൾ ചെറുപ്പത്തിൽ പലപ്പോഴും ദേഷ്യം വരും. ഇന്നാണ് അതിൻെറ വില അറിയുന്നത് അന്ന് അങ്ങിനെ ഒരു ഉപദേശം ഇല്ലായിരുന്നെങ്കിൽ ഇന്ന് ഒരുപക്ഷേ ഇതൊന്നും ജിവിതത്തിൽ പതിവാക്കൻ സാധിക്കുമായിരുന്നില്ല. ഇന്ന് ഇതൊ ക്കെ ചെയ്യില്ലെങ്കിൽ ഒരു മനോവേദനയാണ്. ഞങ്ങളുടെ വീട്ടിൽ റബീഅുൽ അവ്വൽ ആയാൽ നാൽപത് ദിവസം മൗലൂദു ഓതാറുണ്ടായിരുന്നു ഇത് ഇന്നും ഈ ഗൾഫിൽ നിന്നും പതിവായി ചൊല്ലാറുണ്ട്.

എനിക്ക് വളരെ ഇഷ്ടമുള്ള പരുപാടിയാണ് വയള് ഞങ്ങളുടെ അടുത്ത പ്രദേശമായ എടപ്പലം എന്ന പ്രദേശത്ത് ഒരു ഖുർആൻക്ലാസ് ഉണ്ട് ആഴ്ചയിൽ

എല്ലാ ഞായറാഴ്ചയുംആണ് ക്ലാസ്. നാട്ടിൽ ഉള്ള സമയത്ത് അതിൽ സ്ഥിരമായി പങ്കെടുക്കാറുണ്ടായിരുന്നു. ഉസ്താദ് എപ്പോഴും പറയുമായിരുന്നു സുബ്ഹിയോട് അടുത്തുള്ള സമയത്തിൻെറ ശ്രേഷ്ടത. വേദനിക്കുന്നവൻെറ വേദനയും വിഷമിക്കുന്നവൻെറ വിഷമങ്ങളും അകറ്റുന്ന ദുആക്ക് പ്രത്യാകിച്ച് ഉത്തരം കിട്ടുന്ന സമയവുമാണ്എന്ന് ഉസ്താദ്പറയാറുണ്ട്. സുബ്ഹിൻെറ അരമണിക്കൂറെങ്കിലും മുമ്പ് എണീറ്റ് തഹജ്ജുദ് നിസ്കരിക്കുകയും ദുആചെയ്യുകയും ചെയ്താൽ എല്ലാപ്രശ്നങ്ങളും പരിഹരിക്കപ്പെടും ഈവിനീതൻ ഇത്പതിവാക്കുകയും ഉദ്ദേശങ്ങൾ ഹാസിലാകുകയുംചെയ്തിട്ടുണ്ട്. ഇത്പതിവാക്കുന്നത് കൊണ്ട് മറ്റൊരു പ്രത്യാകത സുബ്ഹ് ജമാഅത്തായി നിസ്കരിക്കുകയും ചെയ്യാം.

ഇസ്ലാംകേരളയിൽ നിന്നും എടുത്ത കെ.സി ലുഖ്മാനുൽ ഹകീം സഖാഫി പുല്ലാരയുടെ “വിജ്ഞാന തീരം” എന്നപ്രഭാഷണ പരമ്പരയിൽ നിന്ന് വസ്ത്ര വിദാനത്തെക്കുറിച്ച് കേൾക്കാൻ കഴിഞ്ഞു. അത് കേട്ടപ്പോൾ മനസ്സിൻ വല്ലാത്ത വേദന കാരണം നാം ഒക്കെ അത്ര ശ്രദ്ധിക്കാത്ത ഒരു കാര്യമാണ് ഞെരിയാണിക്ക് താഴെ വസ്ത്രം എടുക്കുന്നത്. ‘ഞെരിയാണിയുടെ താഴെ വസ്ത്രം ഇറങ്ങിയവൻെറ നിസ്കാരം അല്ലാഹു സ്വീകരിക്കുക ഇല്ല’ ഇത് കേട്ട ആ ദിവസം മുതൽ ഈ വിനീതൻ മറ്റൊരുമാറ്റം കൂടീ ഉണ്ടായി വസ്ത്രം ഞെരിയാണിക്ക് താഴെ എടുക്കാറില്ല. ദുഖം എന്ന് പറയട്ടെ പലരും നമ്മുടെ ആളുകൾ (മുസ്ലിംകൾ) പോലും എന്താടാമുറിയൻ ഫാൻറ് എടുത്തിരിക്കുന്നത് വളരെ അഭിമാനത്തോടെ ഞാൻപറഞ്ഞു ഇത് മുസൽമാൻെറ സംസ്കാരാമാണ്. നാഥൻ നമുക്ക് അവൻെറ വിധി വിലക്കുകൾ അനുസരിച്ച് ജീവിക്കാൻ തൗഫീഖ് നൽകട്ടെ ഞാൻ നിറുത്തട്ടെ

ഈ വിനീതൻെറ എഴുത്തിൽ വല്ല തെറ്റുകളും വന്നിട്ടുങ്കിൽ പൊറുക്കുക. നല്ലത് പഠിക്കുവനും, പ്രവർത്തിക്കുവാനും, പറയുവാനും നാഥൻ തൗഫീഖ് നൽകട്ടെ. അള്ളാഹു നമ്മുടെ മതാപിതാക്കൾകും ഉസ്താദ്മാർക്കും നാമുമായി ബന്ധപ്പെട്ടഎല്ലാവർക്കും ദീർഘായുസ്സും ആഫിയത്തും നൽകുമാറാകട്ടെ

ഒരിക്കൽകൂടി ഇസ്ലാംകേരളക്ക് നന്ദിപറയട്ടെ. ഇതിൻെറ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അള്ളാഹു അർഹമായ പ്രതിഫലം നൽകട്ടെ. ആമീൻ

ഉണ്ണീൻകുട്ടി

മൂർക്കനാട്

ദുബൈ യു എ ഇ

Unneenkutty910@gmail.com

==============================================================================

# www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861